(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ†

6 (*332) സംസ്ഥാനത്തെ നദികൾ സംരക്ഷിക്കാൻ പദ്ധതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ സംരക്ഷിക്കാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നദികളുടെ സംരക്ഷണത്തിന് ഏതെങ്കിലും തരത്തിലുള്ള കേന്ദ്രസഹായം ഇപ്പോൾ ലഭിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഭാരതപ്പുഴപോലുള്ള സംസ്ഥാനത്തെ പ്രധാന നദികൾപോലും വേനൽക്കാലത്ത് പല ഭാഗങ്ങളും വറ്റിവരണ്ട് ഇല്ലാതാകുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നദികൾ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) നമ്മുടെ നദികളുടെ സംരക്ഷണത്തിന് കേന്ദ്രസർക്കാരിന്റെ ഗൈഡ്ലൈസൻസിന് വിധേയമായി പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് രൂപം നൽകിവരികയാണ്.

(സി) ഇല്ല.

(ഡി) മഴക്കാലങ്ങളിൽ ലഭിക്കുന്ന മഴവെള്ളം കടലിലേക്ക് ഒഴുകിപ്പോയി വേനൽക്കാലങ്ങളിൽ വരൾച്ച ഉണ്ടാകുന്നത് തടയാൻ നദികൾക്കും അരുവികൾക്കും കുറുകെ ആവശ്യമുള്ള സ്ഥലങ്ങളിൽ തടങ്ങൾ നിർമ്മിച്ചു വരുന്നു. കൂടാതെ നദികളുടെ തീരസംരക്ഷണത്തിനായി കേന്ദ്രഗവണ്മെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ഏറ്റെടുക്കാൻ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കിവരുന്നു.

7 (*333) അവിവാഹിതരായ അമ്മമാരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യു :
ഡോ. എം.എ. കുട്ടപ്പൻ :

† താമസിച്ച് ലഭ്യമായ ഉത്തരങ്ങൾ അനുബന്ധം III ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly